**മധുരമായ കുട്ടികളേ - മായാ രാവണന്റെ കൂട്ടുകെട്ടിൽ വന്ന് നിങ്ങൾ അലഞ്ഞു തിരിഞ്ഞു, പവിത്രമായ തൈകൾ അപവിത്രമായിത്തീർന്നു, ഇപ്പോൾ വീണ്ടും പവിത്രമായി മാറൂ.**

**ചോദ്യം -** ഓരോ കുട്ടികൾക്കും സ്വയം തന്റെ മേൽ ഏതൊരു അത്ഭുതമാണ് തോന്നുന്നത്? ബാബയ്ക്ക് കുട്ടികളുടെ മേൽ ഏതൊരു അത്ഭുതമാണ് തോന്നുന്നത്?
**ഉത്തരം -** കുട്ടികൾക്ക് ഈയൊരു അത്ഭുതമാണ് തോന്നുന്നത്- നമ്മൾ ആരായിരുന്നു, ആരുടെ കുട്ടികളായിരുന്നു, ഇങ്ങനെയൊരു അച്ഛനിൽ നിന്നും സമ്പത്ത് ലഭിച്ചിട്ടും ആ അച്ഛനെ തന്നെ നമ്മൾ മറന്നു പോയി. രാവണൻ വന്നതോടെ മൂടൽമഞ്ഞുപോലെ രചയിതാവിനെയും രചനയെയും എല്ലാം മറന്നു. ബാബയ്ക്ക് കുട്ടികളുടെ മേൽ ഈയൊരു അത്ഭുതമാണുണ്ടാകുന്നത്, ഏതു കുട്ടികളെയാണോ ഞാൻ ഇത്രയ്ക്കും ഉയർത്തിയത്, ആർക്കാണോ ഞാൻ രാജ്യഭാഗ്യം നൽകിയത്, അതേ കുട്ടികൾ തന്നെ എന്നെ ആക്ഷേപിക്കുകയും ചെയ്തു. രാവണന്റെ കൂട്ടുകെട്ടിൽ വന്ന് സർവ്വതും നഷ്ടപ്പെടുത്തി.

**ഓംശാന്തി**. എന്താണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്? നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഇപ്പോൾ ഓരോരോ ജീവാത്മാക്കൾക്കും സ്വയം തന്റെ മേൽ അത്ഭുതം തോന്നുന്നുണ്ടാവും നമ്മൾ ആരായിരുന്നു, ആരുടെ കുട്ടികളാണ്, ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു എങ്കിൽ നമ്മൾ ആ ബാബയെ എങ്ങനെ മറന്നു പോയി! നമ്മൾ സതോപ്രധാന ലോകത്തിൽ മുഴുവൻ വിശ്വത്തിന്റെയും അധികാരികളായിരുന്നു, വളരെ സുഖികളായിരുന്നു. പിന്നീട് നമ്മൾ ഏണിപ്പടി താഴേക്കിറങ്ങി. രാവണൻ വന്നു അർത്ഥം ഇത്രയ്ക്കും മൂടൽമഞ്ഞിൽപ്പെട്ട് നമ്മൾ രചനയെയും രചയിതാവിനെയും മറന്നുപോയി. മൂടൽമഞ്ഞ് വന്നു കഴിഞ്ഞാൽ മനുഷ്യർക്ക് വഴിയൊന്നും തന്നെ അറിയില്ലല്ലോ. അതേപോലെ നമ്മളും മറന്നുപോയി - നമ്മുടെ വീട് എവിടെയാണ്, എവിടെ വസിച്ചിരുന്നവരായിരുന്നു? ഇപ്പോൾ ബാബ കാണുകയാണ്, എന്റെ കുട്ടികൾ, ആർക്കാണോ ഞാൻ 5000 വർഷങ്ങൾക്കു മുമ്പ് രാജ്യഭാഗ്യം നൽകിയിരുന്നത്, വളരെയധികം ആനന്ദത്തിൽ ജീവിച്ചിരുന്നവർ, ഈ ഭൂമിയുടെ അവസ്ഥ ഇപ്പോൾ എന്തായിത്തീർന്നു. എങ്ങനെ രാവണന്റെ രാജ്യത്തിലേക്ക് വന്നു! അന്യന്റെ ദേശത്ത് തീർച്ചയായും ദുഖം മാത്രമല്ലേ ലഭിക്കൂ. നിങ്ങൾ എത്രമാത്രം അലഞ്ഞുതിരിഞ്ഞു. അന്ധവിശ്വാസത്തിൽ ബാബയെ അന്വേഷിച്ചു പക്ഷേ എവിടെ നിന്നും ലഭിച്ചില്ല. കല്ലിലും മുള്ളിലും തുരുമ്പിലുമുണ്ടെന്ന് പറഞ്ഞ ഭഗവാനെ എങ്ങനെ ലഭിക്കാനാണ്. അരക്കല്പമായി നിങ്ങൾ അലഞ്ഞലഞ്ഞ് ക്ഷീണിച്ചുപോയി. അവനവന്റെ തന്നെ അജ്ഞത കാരണം നിങ്ങൾ രാവണ രാജ്യത്തിൽ എത്ര ദുഖം അനുഭവിച്ചു. ഭക്തിമാർഗ്ഗത്തിലൂടെ ഭാരതം ഇത്രയ്ക്കും ദരിദ്രമായിത്തീർന്നു. ബാബയ്ക്ക് കുട്ടികളെ കാണുമ്പോൾ ചിന്ത വരുന്നു, നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ എത്ര അലഞ്ഞിട്ടുണ്ട്. അരക്കല്പം നിങ്ങൾ ഭക്തി ചെയ്തു എന്തിനു വേണ്ടി? ഭഗവാനുമായുള്ള മിലനത്തിനായി. ഭക്തിയ്ക്കു ശേഷം മാത്രമാണ് ഭഗവാൻ വന്ന് ഭക്തിയുടെ ഫലം നൽകുന്നത്. എന്ത് ഫലമാണ് നൽകുന്നത്? ഇതൊന്നും തന്നെ ആർക്കും അറിയില്ല, തീർത്തും ബുദ്ധുക്കളായിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ ബുദ്ധിയിലേക്ക് വരണം - നമ്മൾ ആരായിരുന്നു, എങ്ങനെ രാജ്യം ഭരിച്ചിരുന്നു, പിന്നീട് എങ്ങനെ ഏണിപ്പടി താഴേക്ക് ഇറങ്ങി വന്ന് രാവണന്റെ ചങ്ങലയിൽ അകപ്പെട്ടു. അപരംഅപാരമായ ദുഖമായിരുന്നു. ആദ്യം നിങ്ങൾ അപരംഅപാരമായ സുഖത്തിലായിരുന്നു. അപ്പോൾ മനസ്സിൽ ഓർമ്മ വരണം നമ്മുടെ രാജ്യത്തിൽ എത്ര സുഖമായിരുന്നു എന്ന്. പിന്നീട് പരന്റെ രാജ്യത്തിലേക്ക് വന്നപ്പോൾ ധാരാളം ദുഖം അനുഭവിച്ചു. ബ്രിട്ടിഷുകാരുടെ രാജ്യത്ത് നമ്മൾ ദുഖം അനുഭവിച്ചിരുന്നു എന്ന് ലോകർ മനസിലാക്കിയിരുന്ന പോലെ. ഇപ്പോൾ നിങ്ങൾ ഇവിടെ ഇരിക്കുന്നുണ്ട്, ഉള്ളിൽ ഈയൊരു ചിന്ത വേണം നമ്മൾ ആരായിരുന്നു, ആരുടെ കുട്ടികളായിരുന്നു? ബാബ നമുക്ക് വിശ്വത്തിന്റെ രാജ്യ ഭാഗ്യം നൽകിയിരുന്നു പിന്നീട് എങ്ങനെ രാവണ രാജ്യത്തിലേക്ക് വന്ന് അകപ്പെട്ടു. എത്ര ദുഖം കണ്ടു, എത്ര മോശമായ കർമ്മങ്ങൾ ചെയ്തു. സൃഷ്ടി ദിനം പ്രതിദിനം അധ:പതിച്ചു കൊണ്ടിരുന്നു. മനുഷ്യരുടെ സംസ്കാരം ഓരോ ദിവസം കൂടുന്തോറും വികാരിയായിക്കൊണ്ടിരുന്നു. അപ്പോൾ കുട്ടികൾക്ക് ഇതെല്ലാം തന്നെ സ്മൃതിയിലേക്ക് വരണം. ബാബ കാണുകയാണ് ഇത് പവിത്രമായ തൈകളായിരുന്നു, ഇവർക്കാണ് ഞാൻ രാജ്യഭാഗ്യം നൽകിയിരുന്നത്, പിന്നീട് ഇവർ എന്റെ കർത്തവ്യത്തെ തന്നെ മറന്നിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനത്തിലേക്ക് വരാൻ ആഗ്രഹിക്കുന്നു എങ്കിൽ ബാബയെ ഓർമ്മിക്കൂ, എന്നാൽ സർവ്വപാപങ്ങളും നശിക്കും. പക്ഷേ കുട്ടികൾക്ക് ഓർമ്മിക്കാൻ തന്നെ സാധിക്കുന്നില്ല, ഇടയ്ക്കിടെ പറയുന്നു ബാബാ ഞങ്ങൾ മറക്കുകയാണ്. ഹേയ്, നിങ്ങൾ എന്നെ ഓർമ്മിച്ചില്ലെങ്കിൽ പാപം എങ്ങനെ നശിക്കാനാണ്. ഒന്ന്, നിങ്ങൾ വികാരത്തിലേക്ക് വീണ് പതിതമായിത്തീർന്നു, രണ്ടാമത്

ബാബയെത്തന്നെ ആക്ഷേപിച്ചു. മായയുടെ സംഗത്തിലേക്ക് വന്ന് നിങ്ങൾ ഇത്രയ്ക്കും താഴേക്ക് പതിച്ചു, ഇതിലൂടെ ആരാണോ നിങ്ങളെ ആകാശം വരെയ്ക്ക് ഉയർത്തിയത് അവരെ നിങ്ങൾ കല്ലിലും മുള്ളിലുമാണെന്നു വരെ പറഞ്ഞു. മായയുടെ കൂട്ടുകെട്ടിലൂടെയാണ് നിങ്ങൾ ഇതുപോലെയുള്ള കർമ്മങ്ങൾ ചെയ്തത്! ബുദ്ധിയിലേക്ക് ഇതെല്ലാം തന്നെ വരണമല്ലോ. തീർത്തും കല്ലു ബുദ്ധികളായിത്തീരാൻ പാടില്ല. ബാബ ദിവസേന പറയുന്നുണ്ട് ഞാൻ നിങ്ങൾക്ക് ഫസ്റ്റ് ക്ലാസ്സ് പോയിന്റുകളാണ് കേൾപ്പിക്കുന്നതെന്ന്.

ബോംബെയിൽ സമ്മേളനമുള്ള സമയത്ത് നിങ്ങൾക്ക് പറയാൻ സാധിക്കും, ബാബ പറയുന്നു – അല്ലയോ ഭാരതവാസികളേ, നിങ്ങൾക്ക് ഞാനാണ് രാജ്യഭാഗ്യം നൽകിയിരുന്നത്. ഈ ദേവതകൾ സ്വർഗ്ഗത്തിലായിരുന്നു, പിന്നീട് നിങ്ങൾ എങ്ങനെ രാവണരാജ്യത്തിലേക്ക് വന്നു, ഇതും ഡ്രാമയിലുള്ള പാർട്ടാണ്. നിങ്ങൾ രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് മനസ്സിലാക്കിയാൽ മാത്രമേ ഉയർന്ന പദവി നേടാൻ സാധിക്കൂ. എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം നശിക്കുകയും ചെയ്യുന്നു. ഇവിടെ എല്ലാവരും ഇരിക്കുന്നുണ്ടെങ്കിലും ചിലരുടെ ബുദ്ധി എവിടെയൊക്കെയോ അലയുകയാണ്. ബുദ്ധിയിലുണ്ടായിരിക്കണം – നമ്മൾ ആദ്യം എവിടെയായിരുന്നു, ഇപ്പോൾ നമ്മൾ അന്യന്റെ രാജ്യത്തിലേക്ക് വന്നിരിക്കുകയാണ്, അപ്പോൾ എത്ര ദുഖിയായിത്തീർന്നി രിക്കുന്നു. നമ്മൾ ശിവാലയത്തിൽ എത്ര സുഖികളായിരുന്നു. ഇപ്പോൾ ബാബ വന്നിരിക്കുയാണ് വേശ്യാലയത്തിൽ നിന്നും മുക്തമാക്കുന്നതിനായി, എന്നിട്ടും അതിൽ നിന്നും മുക്തമാകുന്നില്ല. ബാബ പറയുന്നു, നിങ്ങൾ ശിവാലയത്തിലേക്ക് പോവുകയാണെങ്കിൽ അവിടെ നിങ്ങൾക്ക് വിഷം ലഭിക്കുകയില്ല. ഇവിടെയുള്ള മോശമായ ഭക്ഷണവും പാനീയങ്ങളും അവിടെ ലഭിക്കുന്നില്ല. കാരണം അവർ വിശ്വത്തിന്റെ അധികാരികളായിരുന്നില്ലേ. പിന്നീട് അവർ എവിടേക്ക് പോയി? വീണ്ടും തന്റെ രാജ്യഭാഗ്യം എടുത്തുകൊണ്ടിരിക്കുന്നു. എത്ര സഹജമാണ്. ബാബ മനസ്സിലാക്കിത്തരുന്നു എല്ലാവരും സേവാധാരികളായിരിക്കില്ല. 5000 വർഷങ്ങൾക്കു മുമ്പത്തേതു പോലെ നമ്പർവൈസായി രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. സതോപ്രധാനമായിത്തീരണം, ബാബ പറയുന്നു ഇത് തമോപ്രധാനമായ പഴയലോകമാണ്. തികച്ചും പഴയതായിത്തീരുമ്പോഴാണ് ബാബ വരുന്നത്. ബാബയ്ക്കല്ലാതെ ഇത് മറ്റാർക്കും തന്നെ മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ഭഗവാൻ ഈ രഥത്തിലൂടെ നിങ്ങളെ പഠിപ്പിക്കുകയാണ്. ഇത് ഓർമ്മയിലിരിക്കുകയാണെങ്കിൽ തന്നെ ബുദ്ധിയിൽ ജ്ഞാനമുണ്ടെന്നാണ് അർത്ഥം. പിന്നീട് മറ്റുള്ളവർക്ക് കേൾപ്പിച്ചു കൊടുത്ത് തനിക്കു സമാനമാക്കിയും മാറ്റണം. ബാബ മനസ്സിലാക്കിത്തരുന്നു ആദ്യം നിങ്ങളുടെ വികാരി സംസ്കാരമായിരുന്നു, ഇതിൽ നിന്നും ഉദ്ധരിക്കപ്പെടാൻ കുറച്ച് പ്രയാസമാണ്. കണ്ണുകളുടെ വികാരി സ്വഭാവത്തിൽ നിന്നും പെട്ടെന്ന് മുക്തമാവുകയില്ല. ഒന്ന് കാമ വികാരം അതിൽ നിന്നും പെട്ടെന്നു തന്നെ മുക്തമാവുകയില്ല പിന്നീട് അതിനോടൊപ്പം പഞ്ചവികാരങ്ങളുമുണ്ട്. ക്രോധത്തിലൂടെയുള്ള വികർമ്മവും ധാരാളമാണ്. പെട്ടെന്നു തന്നെ ഭൂതങ്ങൾ വരുന്നു. ഇതെല്ലാം തന്നെ വികാരിയായ കർമ്മങ്ങളാണ്, നിർവ്വികാരി കർമ്മങ്ങളല്ല. ഇതിന്റെയെല്ലാം തന്നെ ഭവിഷ്യത്ത് എന്തായിരിക്കും? നൂറു മടങ്ങ് പാപം വർദ്ധിക്കുന്നു. ഇടയ്ക്കിടെ ക്രോധിച്ചുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ കുട്ടികൾ ഇപ്പോൾ രാവണരാജ്യത്തിലല്ലല്ലോ. നിങ്ങൾ ഇപ്പോൾ ഈശ്വരന്റെ സമീപത്താണ് വസിക്കുന്നത്. അപ്പോൾ ഈ വികാരങ്ങളിൽ നിന്നും മുക്തമാകുന്നതിനുള്ള പ്രതിജ്ഞ ചെയ്യണം. ബാബ പറയുന്നു, ഇപ്പോൾ നിങ്ങൾ എന്നെ ഓർമ്മിക്കണം. ഒരിക്കലും ക്രോധിക്കരുത്. ഈ അഞ്ചു വികാരങ്ങളും നിങ്ങളെ അരക്കല്പം താഴേക്ക് വീഴ്ത്തി. ആദ്യം നിങ്ങളായിരുന്നു ഏറ്റവും ഉയർന്നവർ. ഏറ്റവും കൂടുതൽ വീണവരും നിങ്ങൾ തന്നെയാണ്. ഈ അഞ്ച് ഭൂതങ്ങളാണ് നിങ്ങളെ വീഴ്ത്തിയത്. ഇപ്പോൾ ശിവാലയത്തിലേക്ക് പോകുന്നതിനായി ഈ വികാരങ്ങളെ ഇല്ലാതാക്കൂ. ഈ വേശ്യാലയത്തിൽ നിന്നും ഹൃദയത്തെ മാറ്റി വെയ്ക്കൂ. ബാബയെ ഓർമ്മിക്കൂ എന്നാൽ അന്തിമതി സൊ ഗതിയായിത്തീരും. നിങ്ങൾ വീട്ടിലേക്ക് എത്തിച്ചേരും, മറ്റാർക്കും തന്നെ നിങ്ങൾക്ക് ഈ വഴി പറഞ്ഞു തരാൻ സാധിക്കില്ല. ഭഗവാനുവാച, ഞാൻ സർവ്വവ്യാപിയാണെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിച്ചു, വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുമെന്ന് പറഞ്ഞു, പിന്നീട് അവിടെ നിങ്ങൾക്ക് ഈ പഠിപ്പിന്റെ ആവശ്യം തന്നെയില്ല. മനുഷ്യനിൽ നിന്നും ദേവതയാകുന്നു, നിങ്ങൾ സമ്പത്ത് നേടുന്നു. ഇതിൽ ഹഠയോഗത്തിന്റെ കാര്യമൊന്നുമില്ല. സ്വയം ആത്മാവെന്നു മനസ്സിലാക്കൂ, സ്വയത്തെ എന്തിനാണ് ശരീരമെന്നു കരുതുന്നത്. ശരീരമാണെന്നു മനസ്സിലാക്കുന്നതിലൂടെ ഈ ജ്ഞാനത്തെ ധാരണ ചെയ്യാൻ സാധിക്കില്ല. ഇതും ഭാവിയാണ്(ഡ്രാമ). നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ രാവണരാജ്യത്തിലായിരുന്നു, ഇപ്പോൾ രാമരാജ്യത്തിലേക്കു പോകാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ഇപ്പോൾ നമ്മൾ പുരുഷോത്തമ സംഗമയുഗ വാസിയാണ്.

ഗൃഹസ്ഥത്തിൽ ഇരുന്നോളൂ. എല്ലാവരും ഇവിടെ വന്ന് എവിടെ വസിക്കാനാണ്. ബ്രാഹ്മണനായി ക്കഴിഞ്ഞാൽ എല്ലാവർക്കും ബ്രഹ്മാവിന്റെ പക്കൽ വസിക്കാൻ സാധിക്കില്ല. എല്ലാവർക്കും അവരവരുടെ

വീട്ടിലേക്ക് പോയി വസിക്കണം, എന്നിട്ട് ബുദ്ധികൊണ്ട് മനസ്സിലാക്കണം നമ്മൾ ശൂദ്രനല്ല, ബ്രാഹ്മണനാണെന്ന്. ബ്രാഹ്മണരുടെ കുടുമ എത്ര ചെറുതാണ്. അപ്പോൾ ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും ശരീരനിർവ്വഹണാർത്ഥം ജോലികളും വേലകളും ചെയ്തുകൊണ്ടും കേവലം ബാബയെ ഓർമ്മിക്കണം. നമ്മൾ ആദ്യം ആരായിരുന്നു, ഇപ്പോൾ നമ്മൾ അന്യന്റെ രാജ്യത്തിലാണ് വസിക്കുന്നത്. നമ്മൾ എത്ര ദുഖികളായിരുന്നു. ഇപ്പോൾ ബാബ വീണ്ടും നമ്മെ കൊണ്ടുപോവുകയാണ് അപ്പോൾ ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും ആ അവസ്ഥ സമ്പാദിക്കണം. ആരംഭത്തിൽ എത്ര വലിയ-വലിയ വൃക്ഷങ്ങൾ വന്നു, അതിൽ ചിലർ ഇപ്പോഴുമുണ്ട്, ബാക്കിയുള്ളവർ പോയി. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ നമ്മുടെ രാജ്യത്തിലായിരുന്നു, ഇപ്പോൾ എവിടേക്കു വന്നിരിക്കുകയാണ്. ഇനി വീണ്ടും തന്റെ രാജ്യത്തിലേക്ക് പോവുകയാണ്. നിങ്ങൾ ബാബയ്ക്ക് കത്തെഴുതാറുണ്ട്- ബാബാ, ഇന്നയാൾ വളരെ നല്ല രീതിയിൽ ദിവസേന വന്നിരുന്നു ഇപ്പോൾ വരുന്നില്ല. വരുന്നില്ലെങ്കിൽ അതിനർത്ഥം വികാരത്തിലേക്ക് വീണു എന്നാണ്. പിന്നീട് ജ്ഞാനത്തെ ധാരണ ചെയ്യാൻ സാധിക്കില്ല. ഉന്നതിയ്ക്കു പകരം അധ:പതിച്ച് ചില്ലറ പൈസയുടെ പദവി നേടുന്നു. രാജാവിന്റെ പദവി എവിടെയാണ്, താഴ്ന്ന പദവി എവിടെയാണ്! അവിടെ സുഖമുണ്ടെങ്കിലും ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥമാണ് ചെയ്യേണ്ടത്. ആർക്കാണ് ഉയർന്ന പദവി ലഭിക്കുക? ഇപ്പോൾ എല്ലാവരും പുരുഷാർത്ഥം ചെയ്യുകയാണെന്നുള്ളത് അറിയാം. രാജാ മഹേന്ദ്രനും(ഭോപ്പാൽ) ഇപ്പോൾ പുരുഷാർത്ഥം ചെയ്യുകയാണ്. ആ രാജ്യപദവി ചില്ലറ പൈസയുടേതാണ്, ഇതാണെങ്കിൽ സൂര്യവംശി രാജധാനിയിലേക്കു വരാനുള്ളതാണ്. വിജയമാലയിലേക്ക് വരാനുള്ള പുരുഷാർത്ഥം ചെയ്യണം. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു- തന്റെ ഹൃദയത്തിൽ പരിശോധിച്ചുകൊണ്ടിരിക്കണം നമ്മുടെ കണ്ണുകൾ വികാരിയാകുന്നില്ലല്ലോ? അഥവാ നിർവ്വികാരിയാകുന്നു എങ്കിൽ ബാക്കി ഇനി എന്താണ് വേണ്ടത്. വികാരത്തിലേക്ക് പോയില്ലെങ്കിലും കണ്ണുകൾ കുറച്ചൊക്കെ ചതിച്ചുകൊണ്ടിരിക്കുന്നു. നമ്പർവൺ കാമവികാരമാണ്, വികാരി ദൃഷ്ടി വളരെയധികം മോശമാണ് അതുകൊണ്ടാണ് പേരു തന്നെ ക്രിമിനൽ(വികാരി) ദൃഷ്ടി, സിവിലൈസ്ഡ്(നിർവ്വികാരി) ദൃഷ്ടി. പരിധിയില്ലാത്ത അച്ഛന് കുട്ടികളെ അറിയാമല്ലോ ഇവരെന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നത്, എന്തെല്ലാം സേവനമാണ് ചെയ്യുന്നതെന്ന്? ഇന്നയാളുടെ വികാരദൃഷ്ടി ഇനിയും പോയിട്ടില്ല എന്ന ഗുപ്തമായ വാർത്തകളെല്ലാം വരുന്നുണ്ട്. ഇനി മുന്നോട്ടു പോകവേ കൃത്യമായുള്ള എഴുത്തുകൾ വരും. ഞാൻ ഇത്രയ്ക്കും സമയം അസത്യം പറഞ്ഞ് അധ:പതിച്ചു എന്ന് സ്വയം അനുഭവമാകുന്നു. ജ്ഞാനം പൂർണ്ണമായും ബുദ്ധിയിലിരിക്കാത്തതു കാരണമാണ് അവസ്ഥ ഉണ്ടാകാതിരുന്നത്. ബാബയിൽ നിന്നും ഞങ്ങൾ ഒളിപ്പിച്ചിരിക്കുകയായിരുന്നു. അങ്ങനെ ധാരാളം പേർ ഒളിപ്പിക്കുന്നുണ്ട്. സർജനിൽ നിന്നും അഞ്ചു വികാരങ്ങളുടെ അസുഖം ഒളിപ്പിക്കരുത്, സത്യം തുറന്നു പറയണം-ഞങ്ങളുടെ ബുദ്ധി ഈ വശത്തേക്കാണ് പോകുന്നത്, ശിവബാബയിലേക്ക് പോകുന്നില്ല. പറഞ്ഞില്ലെങ്കിൽ അതിന്റെ വൃദ്ധിയുണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു-കുട്ടികളേ ദേഹിഅഭിമാനിയായിത്തീരൂ, സ്വയം ആത്മാവെന്നു മനസ്സിലാക്കൂ. ആത്മാക്കൾ ഭായി-ഭായിയാണ്. നിങ്ങൾ പൂജ്യരായിരുന്നപ്പോൾ എത്ര സുഖികളായിരുന്നു. ഇപ്പോൾ പൂജാരികളായപ്പോൾ ദുഖികളായിത്തീർന്നു. നിങ്ങൾക്ക് എന്തു സംഭവിച്ചു! എല്ലാവരും പറയുന്നു, ഈ ഗൃഹസ്ഥാശ്രമം പരമ്പരാഗതമായി ഉള്ളതാണെന്ന്. എന്താ സീതാരാമന്മാർക്ക് കുട്ടികളുണ്ടായിരുന്നില്ലേ! പക്ഷേ അവിടെ വികാരത്തിലൂടെയല്ല കുട്ടികൾ ജനിക്കുന്നത്. അത് സമ്പൂർണ്ണ നിർവ്വികാരി ലോകമാണ്. അവിടെ വികാരങ്ങളില്ലാത്തതു കാരണം ഭ്രഷ്ടാചാരത്തിലൂടെയല്ല ജനിക്കുന്നത്. അവിടെ രാവണരാജ്യമല്ലല്ലോ രാമരാജ്യമാണ്. പിന്നെങ്ങനെ അവിടെ രാവണൻ വന്നു. മനുഷ്യന്റെ ബുദ്ധി തീർത്തും നഷ്ട കണക്കിലേക്ക് പോയിരിക്കുകയാണ്. ആരാണ് ചെയ്തത്? ഞാൻ നിങ്ങളെ സതോപ്രധാനമാക്കിമാറ്റിയതാണ്, നിങ്ങളുടെ ദുഖത്തിന്റെ തോണി അക്കര കടത്തിയതാണ്. പിന്നീട് നിങ്ങളെ ആരാണ് തമോപ്രധാനമാക്കി മാറ്റിയത്? പക്ഷേ ഇതും നിങ്ങൾ മറന്നു പോയിരുന്നു. പറയുന്നു ഇതെല്ലാം തന്നെ പരമ്പരാഗതമായി ഉള്ളതാണെന്ന് പക്ഷേ പരമ്പരാഗതവും എപ്പോൾ മുതൽക്ക്? എന്തെങ്കിലും കണക്കു വേണ്ടേ. ആർക്കും ഒന്നും തന്നെ അറിയുന്നില്ല. ബാബ മനസ്സിലാക്കിത്തന്നു, നിങ്ങൾക്ക് എത്ര ഉയർന്ന രാജ്യഭാഗ്യമാണ് നൽകിയിരുന്നത്. നിങ്ങൾ ഭാരതവാസികൾ ഇത്രയ്ക്കും സന്തുഷ്ടരായിരുന്നു, മറ്റാരും തന്നെ ആ സമയത്ത് ഉണ്ടായിരുന്നില്ല. ക്രിസ്ത്യാനികളും പറഞ്ഞിരുന്നു, ഭാരതത്തിൽ സ്വർഗ്ഗമുണ്ടായിരുന്നു എന്ന്, ദേവതകളുടെ ചിത്രങ്ങളായിരുന്നു, അവരെക്കാളും പഴയതായി(മുമ്പ്) മറ്റാരും തന്നെയുണ്ടായിരുന്നില്ല. പഴയതിലും പഴയത് ലക്ഷ്മി-നാരായണനാണ് അല്ലെങ്കിൽ അവരുടെ ഏതെങ്കിലും വസ്തുക്കളായിരിക്കും. ഏറ്റവും പഴയതിലും പഴയതാണ് ശ്രീകൃഷ്ണൻ. ഏറ്റവും പുതിയതും ശ്രീകൃഷ്ണനാണ്. പഴയതെന്നു പറയാനുള്ള കാരണമെന്താണ്? കാരണം കഴിഞ്ഞു പോയതല്ലേ. നിങ്ങൾ തന്നെയായിരുന്നു വെളുത്തവർ പിന്നീട് നിങ്ങൾ തന്നെ തമോപ്രധാനമായിത്തീർന്നു. കറുത്ത വർണ്ണത്തിലുള്ള കൃഷ്ണനെ കണ്ടും എല്ലാവരും സന്തോഷിക്കുന്നു. ഊഞ്ഞാലിലാട്ടുന്നത് ശ്യാമവർണ്ണത്തിലുള്ള കൃഷ്ണനെയാണ്. കൃഷ്ണൻ എപ്പോൾ സതോപ്രധാനമായിരുന്നു എന്ന് അവർക്ക്

അറിയില്ലല്ലോ. കൃഷ്ണനെ എത്രയാണ് സ്നേഹിക്കുന്നത്? രാധ എന്താണ് ചെയ്തത്?
ബാബ പറയുന്നു നിങ്ങൾ ഇവിടെ സത്യത്തിന്റെ സംഗത്തിലാണ് ഇരിക്കുന്നത്. പുറമെ കുസംഗത്തിലേക്കു പോകുമ്പോൾ എല്ലാം തന്നെ മറന്നു പോകുന്നു. മായ അതിശക്തനാണ്, ആനയെ പെരുമ്പാമ്പ് വിഴുങ്ങുന്നു. ഇവിടെയും അങ്ങനെത്തന്നെയാണ് - ബാബയെ വിട്ടു പോകുന്നവരുമുണ്ട്. കുറച്ചെങ്കിലും അഹങ്കാരം വരുന്നതിലൂടെ തന്റെ സത്യനാശം ചെയ്യുന്നു. പരിധിയില്ലാത്ത അച്ഛൻ മനസ്സിലാക്കിത്തരുന്നുണ്ട്. ഇതിൽ ഒരിക്കലും സംശയിക്കരുത്. എന്തുകൊണ്ട് ബാബ ഇങ്ങനെയെല്ലാം പറഞ്ഞു, ഞങ്ങളുടെ അഭിമാനമാണ് നഷ്ടപ്പെട്ടത് എന്നൊന്നും തന്നെ ചിന്തിക്കരുത്. അഭിമാനം രാവണരാജ്യത്തിൽ തന്നെ നിങ്ങൾക്ക് നഷ്ടപ്പെട്ടു കഴിഞ്ഞു. ദേഹാഭിമാനത്തിലേക്ക് വരുന്നതിലൂടെ അവനവനു തന്നെയാണ് ബുദ്ധിമുട്ടുണ്ടാകുന്നത്. പദവി ഭ്രഷ്ടമായിത്തീരുന്നു. ക്രോധവും ലോഭവുമെല്ലാം വികാരി ദൃഷ്ടി തന്നെയാണ്. കണ്ണുകളിലൂടെ വസ്തുക്കളെക്കാണുമ്പോഴാണ് ആസക്തിയുണ്ടാകുന്നത്.

ബാബ വന്ന് തന്റെ പൂന്തോട്ടത്തെ കാണുകയാണ് - പലവിധത്തിലുള്ള പുഷ്പങ്ങളാണുണ്ടാകുന്നത്. ഇവിടെ നിന്നും പോയതിനുശേഷം പിന്നീട് അവിടെ ആ പൂന്തോട്ടത്തിലേക്കു പോയി പുഷ്പങ്ങളെ കാണുന്നു. ശിവബാബയ്ക്ക് പുഷ്പങ്ങൾ അർപ്പിക്കാറുണ്ട്. ബാബ നിരാകാരനാണ്, ചൈതന്യമായ പുഷ്പമാണ്. നിങ്ങൾ ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് ഇതുപോലെയുള്ള പുഷ്പമായിത്തീരുന്നു. ബാബ പറയുന്നു- മധുരമധുരമായ കുട്ടികളേ, എന്തെല്ലാമാണോ കഴിഞ്ഞുപോയത് അതിനെ ഡ്രാമയെന്നു മനസ്സിലാക്കൂ. അതിനെക്കുറിച്ചൊന്നും തന്നെ ചിന്തിക്കരുത്. എത്ര തന്നെ പ്രയത്നിച്ചാലും എല്ലാവരും ഇവിടെ പിടിച്ചു നിൽക്കണമെന്നില്ല. പ്രജകളെയും ആവശ്യമല്ലേ. കുറച്ചെങ്കിലും കേൾക്കുകയാണെങ്കിൽ അവർ പ്രജകളായിത്തീരുന്നു. ധാരാളം പ്രജകൾ ഉണ്ടാകണം. ജ്ഞാനം ഒരിക്കലും നശിക്കുന്നില്ല. ഒരു പ്രാവശ്യം കേട്ട് ശിവബാബാ എന്നു പറയുകയാണെങ്കിൽ തന്നെ പ്രജയിലേക്കു വരുന്നു. ഉള്ളിൽ ഈയൊരു സ്മൃതിയുണ്ടായിരിക്കണം, നമ്മൾ ഏതു രാജ്യത്തിലായിരുന്നുവോ ഇപ്പോൾ വീണ്ടും ആ രാജ്യം നേടിക്കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടിയുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. വളരെ കൃത്യമായ സേവനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകയും നമസ്കാരവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ശിവാലയത്തിലേക്കു പോകുന്നതിനായി ഈ വികാരങ്ങളെ ഇല്ലാതാക്കണം. ഈ അഴുക്ക് ലോകത്തിൽ നിന്നും മനസ്സ് മാറ്റണം. ശൂദ്രന്മാരുടെ കൂട്ടുകെട്ടിൽ നിന്നും അകന്നു നിൽക്കണം.

2. എന്തെല്ലാമാണോ കഴിഞ്ഞു പോയത് അതിനെ നാടകമാണെന്നു മനസ്സിലാക്കണം, അതിനെക്കുറിച്ച് ചിന്തിക്കരുത്. ഒരിക്കലും അഹങ്കാരത്തിലേക്ക് വരരുത്. ഒരിക്കലും ശിക്ഷണം ലഭിക്കുമ്പോൾ സംശയിക്കരുത്.

## വരദാനം - സന്തോഷത്തിന്റെ ഖജനാവിനാൽ സമ്പന്നമായി ദുഖികളായ ആത്മാക്കൾക്ക് സന്തോഷം ദാനം ചെയ്യുന്നവരായ പുണ്യ ആത്മാവായി ഭവിക്കൂ.

ഇപ്പോൾ ലോകത്ത് എല്ലാ സമയവും ദുഖമാണ് നിങ്ങളുടെ പക്കൽ സദാ സമയം സന്തോഷമാണ്. അതിനാൽ ദുഖീ ആത്മാക്കൾക്ക് സന്തോഷം നൽകുക- ഇത് ഏറ്റവും വലിയ പുണ്യമാണ്. ആളുകൾ സന്തോഷത്തിനായി എത്ര സമയം, സമ്പത്ത് ചിലവാക്കുന്നു നിങ്ങൾക്ക് സഹജമായി സന്തോഷത്തിന്റെ ഖജനാവ് ലഭിച്ചിരിക്കുന്നു. നിങ്ങൾ എന്താണോ ലഭിച്ചത് അത് വിതരണം ചെയ്ത് കൊണ്ടിരിക്കൂ. വിതരണം ചെയ്യുക എന്നാൽ വർദ്ധിക്കുക. ഇവർക്ക് എന്തോ ശ്രേഷ്ഠ പ്രാപ്തി ഉണ്ടായിട്ടുണ്ട് അതിന്റെ സന്തോഷമാണ് എന്ന് നിങ്ങളുടെ സമീപം വരുന്നവർക്കെല്ലാം അനുഭവപ്പെടും.

## സ്ലോഗൻ - അനുഭവീ ആത്മാക്കൾ ഒരിക്കലും ഏതൊരു കാര്യത്തിലും വഞ്ചിക്കപ്പെടില്ല, അവർ സദാ വിജയിയായിരിക്കും.